**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **10-10-2024 - ൽ മറുപടിയ്ക്ക്**

**മുദ്രപത്രങ്ങളുടെ ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മുദ്രപത്രങ്ങളുടെ അച്ചടി അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇ- സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിന് ഇൻഡന്റ് നൽകേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കരാർ ഉടമ്പടികൾക്ക് വേണ്ട 200 രൂപയുടെ മുദ്രപത്രങ്ങൾ, വാടക കരാറുകൾക്കു വേണ്ട 500 രൂപയുടെ മുദ്രപത്രങ്ങൾ എന്നിവയ്ക്ക് കടുത്ത ക്ഷാമം ഉണ്ടായത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 200 രൂപയുടെ നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിയിൽ/സർക്കുലേഷനിൽ ഇല്ലാത്തതാണ്. കരാർ ഉടമ്പടികൾക്കും വാടക കരാറുകൾക്കും ആവശ്യമുള്ള 50 രൂപ, 100 രൂപ, 500 രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്ക് കടുത്ത ക്ഷാമം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ലായെന്നുള്ള വിവരം സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ നിന്നെങ്കിലും ഉയർന്ന് വന്നിരുന്നു.<br><br>ചെറിയ മുഖവിലയുള്ള മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് പരിമിതമായതിനാൽ ട്രഷറികളിലും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലും നീക്കിയിരുപ്പുള്ള 5, 10, 20 രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100/- രൂപ മുഖവിലയുള്ള നോൺ ജുഡിഷ്യൽ മുദ്രപ്പത്രങ്ങളായും 50/- രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രം 500/- രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രമായും പുനഃമൂല്യനിർണ്ണയം നടത്തുന്നതിനായി GO(P)No. 143/2023/TAXES Dated:09/10/2023 (S.R.O.No.1075/2023) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലെയും മറ്റ് ട്രഷറി സ്റ്റാമ്പ് ഡിപ്പോകളിലേയും മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലേയും എല്ലാ സബ് ട്രഷറികളിലേയും ഓഫീസർമാരെയും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ സീനിയർ സൂപ്രണ്ട്/ജൂനിയർ |

| | | | |
|---|---|---|---|
| | | | സൂപ്രണ്ട് തസ്തികകളിലുള്ള 3 ജീവനക്കാരെയും ഇതിലേക്കായി പ്രോപ്പർ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലും സംസ്ഥാനത്തെ എല്ലാ ട്രഷറികളിലുമായി പുനഃമൂല്യനിർണ്ണയം പൂർത്തിയായിട്ടുള്ളതും ആയവ സ്റ്റാമ്പ് വെണ്ടർമാർക്ക് വിതരണം നടത്തി വരികയുമാണ്. മേൽ നടപടികളുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള വെണ്ടർ ഔട്ട്ലെറ്റുകളിൽ നിന്നും കുറഞ്ഞ മൂല്യങ്ങളുടെ സ്റ്റാമ്പ് പേപ്പറുകൾ ഇപ്പോൾ ലഭ്യമായിട്ടുള്ളതും സംസ്ഥാനത്തെ ചെറിയ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം പരിഹരിച്ചിട്ടുള്ളതുമാണ്. |
| (സി) | മുദ്രപത്രങ്ങൾക്ക് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (സി) | മുദ്രപ്പത്ര ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന അടിയന്തര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br><u>**i) മുദ്രപ്പത്രങ്ങളുടെ പുനഃമൂല്യനിർണ്ണയം**</u><br><br>പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള 50 രൂപ, 100 രൂപ, 500 രൂപ എന്നീ മുഖവിലയുള്ള നോൺ ജുഡിഷ്യൽ മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് പരിമിതമായ സന്ദർഭത്തിൽ തന്നെ ട്രഷറികളിലും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലും നീക്കിയിരിപ്പുള്ള 5, 10, 20 രൂപ മുഖവിലയുള്ള നോൺ ജുഡിഷ്യൽ മുദ്രപ്പത്രങ്ങൾ 100/-രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളായും 50/- രൂപ മുഖവിലയുള്ള നോൺ ജുഡിഷ്യൽ മുദ്രപ്പത്രം 500/ രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രമായും പുനഃമൂല്യനിർണ്ണയം നടത്തുന്നതിനും ആയതിലേക്ക് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ സൂപ്രണ്ടിനെ പ്രോപ്പർ ഓഫീസറായി നിയമിച്ചും 09/10/2023 തീയതിയിലെ GO(P) No. 143/2023/TAXES (S.R.O.No.1075/2023) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കൂടാതെ പുനർമൂല്യനിർണ്ണയം സംബന്ധിച്ചുള്ള നടപടികൾ വേഗത്തിലാക്കുന്നതിനായി സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലെ രണ്ട് ജൂനിയർ സൂപ്രണ്ടുമാരെ കൂടി പ്രോപ്പർ ഓഫീസർമാരായി നിയമിച്ച് 01/12/2023 ലെ GO(P)No.159/2023/TAXES (S.R.O.No.1294/2023) പ്രകാരവും ഓരോ ജില്ലയിലെയും ഒരു അസിസ്റ്റന്റ് ട്രഷറി ഓഫീസറെയും ട്രഷറി വകുപ്പിലെ മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലെ സീനിയർ സൂപ്രണ്ടുമാരെയും കൂടി പ്രോപ്പർ ഓഫീസർമാരായി നിയമിച്ച് 11/06/2024 ലെ GO(P)No.82/2024/TAXES (S.R.O.No.504/2024) പ്രകാരവും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ലാൻഡ് റവന്യൂ |

കമ്മീഷണറേറ്റിലെ സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് റാങ്കിലുള്ള മൂന്ന് ജീവനക്കാരെ കൂടി പ്രോപ്പർ ഓഫീസർമാരായി നിയമിച്ച് 19/07/2024 ലെ GO(P)No.95/2024/TAXES (S.R.O.No.621/2024) പ്രകാരവും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 31/07/2024 ലെ GO(P)No.99/2024/TAXES (S.R.O.No.662/2024) പ്രകാരം ട്രഷറി വകുപ്പിലെ എല്ലാ സബ് ട്രഷറി ഓഫീസർമാരെയും കൂടി മുദ്രപ്പത്രങ്ങളുടെ പുനർമൂല്യനിർണയം നടത്തുന്നതിനുള്ള പ്രോപ്പർ ഓഫീസർമാരായി നിയമിച്ചിരുന്നു.

മേൽ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരമുള്ള നടപടികൾ എല്ലാ ട്രഷറികളിലുമായി പൂർത്തിയായിട്ടുള്ളതുമാണ്.

**ii) മുദ്രപ്പത്രങ്ങളുടെ ക്രമീകരണം/ പുനർവിതരണം**

ഏതെങ്കിലും ജില്ലകളിൽ മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് പരിമിതമാകുന്ന സാഹചര്യത്തിൽ ആവശ്യമായ സ്റ്റോക്കുള്ള മറ്റ് ജില്ലകളിൽ നിന്നും മുദ്രപ്പത്രങ്ങൾ കുറവുള്ള ജില്ലകളിൽ എത്തിച്ച് നൽകി ദൗർലഭ്യം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലയ്ക്കകത്തും ഇപ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള വെണ്ടർ ഔട്ട്ലെറ്റുകളിൽ നിന്നും കുറഞ്ഞ മൂല്യങ്ങളുടെ സ്റ്റാമ്പ് പേപ്പറുകൾ ഇപ്പോൾ ലഭ്യമായിട്ടുള്ളതും സംസ്ഥാനത്തെ ചെറിയ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം പരിഹരിച്ചിട്ടുള്ളതുമാണ്.

**iii) നാസിക്കിലെ ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രപ്പത്രങ്ങൾ സ്റ്റോക്ക് എടുക്കുന്നത്**

നാസിക്കിലെ ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ അച്ചടി പൂർത്തിയായി വിതരണത്തിന് സജ്ജമായ 50 രൂപ മുഖവിലയുള്ള 84 ബോക്സ് നോൺ ജൂഡിഷ്യൽ മുദ്രപ്പത്രങ്ങൾ സ്റ്റോക്ക് എടുക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് താമസംവിനാ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**iv) ഇ-സ്റ്റാമ്പിങ്**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള, രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിങ് നടപ്പിൽ വരുത്തി 07/04/2017 തീയതിയിലെ G.O (Ms) No. 23/2017/TD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 1 ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും 01/04/2023 മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിൽ വരുത്തുന്നതിന് 09.02.2023 തീയതിയിലെ G.O (Ms) No. 10/2023/TAXES പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം, രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള 1 ലക്ഷം രൂപ വരെയുള്ള ഇ -സ്റ്റാമ്പ് സംസ്ഥാനത്തെ ലൈസൻസുള്ള വെണ്ടർമാർ മുഖേന ഇ-സ്റ്റാമ്പ് പോർട്ടൽ വഴി ജനറേറ്റ് ചെയ്ത് വിതരണം ചെയ്ത് വരുന്നുണ്ട്. 1 ലക്ഷം രൂപ വരെയുള്ള രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള (നോൺ രജിസ്ട്രബിൾ) ഇ-സ്റ്റാമ്പിങ് സോഫ്റ്റ് വെയർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇ-സ്റ്റാമ്പിന്റെ ദുരുപയോഗം ഒഴിവാക്കാൻ വിദഗ്ധ നിർദ്ദേശങ്ങൾക്കനുസൃതമായി, സോഫ്റ്റ്‌വെയറിലെ പരിഷ്കരണവും പരിശോധനയും 2024 ഒക്ടോബർ പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറക്ക് സംസ്ഥാനത്ത് സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് നടപ്പിലാവുന്നതാണ്. |
| (ഡി) | വെണ്ടർമാർക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന കമ്മീഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ